**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 959** **10-08-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി കോളനികളിലെ താമസക്കാർക്ക് വീട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം നൗഷാദ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | നാളിതുവരെ സ്വന്തമായി വീട് ഇല്ലാത്ത പട്ടികജാതി കോളനികളിൽ താമസിക്കുന്നവർക്ക് ഈ സർക്കാരിന്റെ കാലത്ത് വീട് നിർമ്മിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര വീടുകൾ; ഏതെല്ലാം ജില്ലകളിൽ; വിശദാംശം വ്യക്തമാക്കാമോ; | (എ) | ദുർബല വിഭാഗക്കാർക്കായുള്ള പ്രത്യേക പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്ന ഭവന നിർമ്മാണ ധനസഹായം ഒഴികെ മറ്റു ഭവന പദ്ധതികൾ വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല. ഭവന രഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. |
| (ബി) | പട്ടികജാതി കോളനികളിൽ താമസിക്കുന്നവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (ബി) | അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതും, കുറഞ്ഞത് 25 പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ പട്ടികജാതിജാതി സങ്കേതങ്ങളുടെ സമഗ്രവികസനത്തിനായി ഒരു കോടി രൂപ അനുവദിക്കുന്ന അംബേദ്കർ ഗ്രാമ വികസന പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. കൂടാതെ കോർപ്പസ് ഫണ്ട് മുഖാന്തിരവും പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ